LIBRARY ARCHIVES Kerala Legislative Assembly

പൊതുജലാശങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്

190 (198) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെതിരെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കുലർ 2013-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾക്ക് എതിരാണെന്ന കാര്യവും, ഇത് ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നദികൾ, പുഴകൾ എന്നിവയുടെ ഭാഗങ്ങൾ പാട്ടത്തിന് നൽകുന്നതിൻമേൽ മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലറിലെ നിർദ്ദേശം ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218 (1)-ഉം 2-ഉം വകുപ്പുപ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 208 എ (1)-ഉം 2-ഉം വകുപ്പുപ്രകാരവും യഥാക്രമം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലുള്ളതോ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ളതോ ആയ എല്ലാ പൊതുജല മാർഗ്ഗങ്ങളും നദികളും പുഴകളും തോടുകളും പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും അവ പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ അവകാശങ്ങളിലും ബാധ്യതകളിലും ഉൾപ്പെട്ടുവരുന്നതുമാണ്. പ്രസ്തുത സാഹചര്യങ്ങളിൽ അവയുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക് കൈക്കൊള്ളാവുന്നതാണ്. അതിൻപ്രകാരം പുറത്തിറക്കിയ സർക്കുലർ ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയുള്ളതിനാൽ മത്സ്യകൃഷി ആവശ്യങ്ങൾക്ക് പുഴ/നദി ഭാഗം പാട്ടത്തിന് ലഭിക്കാവുന്ന രീതിയിൽ സർക്കുലറിലെ നിർദ്ദേശം ഭേദഗതി ചെയ്യുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.